# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

# പത്രക്കുറിപ്പ്

തീയതി.17.05.2025

**വേറിട്ട കാഴ്ച ഒരുക്കി വനം വകുപ്പ്**

വന്യജീവി സംരക്ഷണം, വനസംരക്ഷണം, സർപ്പ കിയോസ്ക്, വനശ്രീ സ്റ്റോൾ, സെൽഫി പോയിന്റ് തുടങ്ങി വ്യത്യസ്തതയുടെ പുതിയൊരു ലോകം തീർക്കുകയാണ് എന്റെ കേരളം പ്രദർശന വിപണന മേളയിൽ വനം വകുപ്പിന്റെ സ്റ്റാൾ.

കാട്ടാറും വന്യജീവികളും നിറഞ്ഞ കാടിന്റെ വന്യഭംഗിയുടെ ചെറുപതിപ്പ് തിരുവനന്തപുരത്ത് കനകക്കുന്നിൽ സന്ദർകർക്കായി തയാറാക്കിയിട്ടുണ്ട്. മുതിർന്നവർക്കും കുട്ടികൾക്കും ഒരേ വിധത്തിൽ കണ്ടാസ്വദിക്കാവുന്ന വിധത്തിലാണ് വനം-വന്യജീവി വകുപ്പ് ഒരുക്കിയിരിക്കുന്ന ഈ വിസ്മയം. ഒരു വനസഞ്ചാരം നടത്തുന്ന അനുഭവം സന്ദർശകർക്ക് പ്രദാനം ചെയ്യുന്ന തരത്തിലാണ് വനംവകുപ്പ് സ്റ്റാൾ ഒരുക്കിയിട്ടുള്ളത്.

വനങ്ങളുടെ പാരിസ്ഥിതിക മൂല്യങ്ങൾ, വന പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ വിവരണവും ഇൻസ്റ്റലേഷനും, മനുഷ്യ-വന്യജീവി ലഘൂകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെയും മിഷനുകളുടെയും ഇൻസ്റ്റലേഷൻ, വനം വകുപ്പിന്റെ നേട്ടങ്ങളെ സംബന്ധിച്ച വീഡിയോ പ്രദർശനം എന്നിവ മേളയിൽ ഉണ്ടായിരിക്കും.

പാമ്പുപിടുത്തവും പാമ്പുകളുമായി ബന്ധപ്പെട്ടതുമായ എല്ലാ സംശയങ്ങൾക്കും വനംവകുപ്പ് സ്റ്റാളിൽ മറുപടി ലഭിക്കും. പൊതുജനങ്ങൾക്ക് സർപ്പ ആപ്പ് ഡൗൺലോഡ് ചെയ്ത് നൽകി ഉപയോഗരീതിയുടെ പരിശീലനം തത്സമയം നൽകും. പാമ്പുകളെ പിടികൂടുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പരിചയപ്പെടുത്തലും മേളയിൽ ഉണ്ടാകും.
വനം വകുപ്പിന്റെ വിവിധ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ഇന്ററാക്ടീവ് കിയോസ്ക് വഴി അറിയുവാൻ കഴിയും.

ഇരുപത്തിയേഴ് നക്ഷത്ര വൃക്ഷങ്ങൾ ഉൾപ്പെടുത്തി നക്ഷത്രവന മാതൃക വേറിട്ട കാഴ്ചയായിരിക്കും. ഹരിതകുടകൾ കൊണ്ട് വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് രൂപപ്പെടുത്തിയ സെൽഫി പോയിന്റും വനം വകുപ്പ് സ്റ്റാളിന്റെ ആകർഷമാണ്.

വിസ്മയ-കൗതുകകാഴ്ചകൾക്കൊപ്പം വേറിട്ട കലാപരിപാടികൾ ദിവസവും വൈകിട്ട് ആസ്വദിക്കാം. ചാറ്റുപ്പാട്ട്, ഗരുഡൻ നൃത്തം പോലുള്ള അന്യംനിന്നുപോയ കലാരൂപങ്ങളുടെ അവതരണം സ്റ്റാളിനെ കൂടുതൽ ആകർഷകമാക്കും.

കാട് കണ്ട് കനകക്കുന്നിറങ്ങുമ്പോൾ വെറും കൈയ്യോടെ മടങ്ങണ്ട. ശുദ്ധമായ കാട്ടു തേൻ ഉൾപ്പെടെയുള്ള വനവിഭവങ്ങളും ഉൽപന്നങ്ങളുമായി വനശ്രീയുടെ വിൽപന കൗണ്ടറും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. വിവിധ വന ഡിവിഷനുകളിൽ നിന്ന് ആദിവാസി/വന ഉദ്യോഗസ്ഥർ ശേഖരിച്ച 150 ഓളം വന ഉൽപ്പന്നങ്ങൾ വനശ്രീയിൽ വിൽപ്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. കാടിന്റെ തനിമ വിളിച്ചോതുന്ന വിവിധ വിഭവങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷണശാലയും മേളയുടെ മറ്റൊരു ആകർഷണമാണ്.

രാവിലെ 9 മണി മുതൽ രാത്രി 9 വരെ നടക്കുന്ന പ്രദർശനത്തിൽ പ്രവേശനം പൂർണ്ണ മായും സൗജന്യമായിരിക്കും.

ഡയറക്ടർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ